"ഭരണഭാഷ — മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി മായ.എൻ — ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2302/2024/LSGD തീയതി, തിരുവനന്തപുരം, 26-11-2024

---

പരാമർശം:— 1. തദ്ദേശസ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ 04.08.2023 തീയതിയിലെ LSGD/JD/PTA/184/2023-B3 നമ്പർ നടപടിക്രമം

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2024ലെ LSGD/PD/20859/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി മായ.എൻ-ന്റെ പ്രൊബേഷൻ കാലയളവ് 10.11.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 27.08.2020 പൂർവ്വാഹ്നം സേവനത്തിൽ പ്രവേശിച്ച ശ്രീമതി മായ.എൻ.— ന്റെ നിയമനം ക്ലാർക്ക് തസ്തികയിൽ ഒഴിവ് വന്ന തീയതിയായ 17.08.2019 പ്രാബല്യത്തിൽ ക്രമീകരിച്ചിട്ടുള്ളതാണെന്നും, നിരീക്ഷണ കാലയളവിൽ 85 ദിവസത്തെ ശൂന്യവേതനാവധി എടുത്തിട്ടുള്ളതിനാൽ ടിയാളുടെ പ്രൊബേഷൻ കാലം പൂർത്തിയാകുന്നത് 09.11.2021 തീയതിയിലിലായിരുന്നുവെന്നും, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം 10.11.2021 മുതൽ 09.11.2022 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും, ടിയാളുടെ ജോലിയും സ്വഭാവും തൃപ്തികരമാണെന്നും ടിയാൾ 22.11.2022 ന് എം.ഒ.പി പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, 22.11.2022 ൽ വകുപ്പുതല പരീക്ഷ പാസ്സായ പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി മായ. എൻ — ന്റെ പ്രൊബേഷൻ 23.11.2022 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 — ലെ വ്യവസ്ഥകൾക്ക് വിധേയമായി 10.11.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീമതി.ശ്രീമതി മായ.എൻ, ക്ലർക്ക്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ. ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.225/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 27-11-2024 11:42:20
സെക്ഷൻ ഓഫീസർ